K18P 0247

Reg. No.: ..............................

Name : ..................................

LIBRARY ... COLLEGE ... ASSERY

# Fourth Semester M.A. Degree (Reg./Supple./Improve.) Examination, March 2018
# MALAYALAM LANGUAGE AND LITERATURE
## MAL 4C 14 : Cultural Studies
## (2014 Admission Onwards)

Time : 3 Hours Max. Marks : 80

I. രണ്ടു പുറത്തിൽ കവിയാതെ എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക.

1) സംസ്കാരപഠനത്തിൽ മാർക്സിസം ചെലുത്തിയ സ്വാധീനമെന്ത് ? വിശദമാക്കുക.

2) "രണ്ടു വ്യത്യസ്തകലാസംസ്കൃതികളുടെ മൂർത്തീകരണമാണ് ഹനുമാനും നാരദനും". ആർ. വിശ്വനാഥൻ ഇങ്ങനെ പറയുന്നതെന്തുകൊണ്ട് ? വിശദീകരിക്കുക.

3) സാംസ്കാരിക മൂലധനം (Cultural Capital) എന്ന പരികല്പനയെ പരിചയപ്പെടുത്തുക.

4) സംസ്കാരപഠനത്തിന്റെ സമീപനരീതികളെ പരിചയപ്പെടുത്തുക.

5) പൗരധർമ്മദേശീയത (Civic Nationalism) സാംസ്കാരികദേശീയത (Cultural Nationalism) എന്നിവയെ പരിചയപ്പെടുത്തുക. (5×4=20)

II. നാലു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

6) വിചാരമാതൃകയിലുണ്ടായ മാറ്റം (Paradigm Shift) എന്നതുകൊണ്ട് തോമസ്കുൻ (Thomas Kuhn) അർത്ഥമാക്കുന്നതെന്തെന്ന് വിശദീകരിക്കുക.

**അല്ലെങ്കിൽ**

സംസ്കാരപഠനത്തിൽ മനോവിജ്ഞാനീയത്തിനുള്ള സ്ഥാനമെന്ത് ? വിശദമാക്കുക.

7) സംസ്കാരത്തിന്റെ വിവിധതലങ്ങളെപ്പറ്റി വിശദീകരിക്കുക.

**അല്ലെങ്കിൽ**

ശാസ്ത്രവും സംസ്കാരവും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നതെങ്ങനെയെന്നു പരിശോധിക്കുക.

8) സംസ്കാര വ്യവസായത്തെ വിനോദവ്യാപാരം എന്ന് തിയോഡർ അഡോർണോ വിശേഷിപ്പിക്കുന്നതിന്റെ യുക്തി പരിശോധിക്കുക.

**അല്ലെങ്കിൽ**

ഇന്റർ ടെക്സ്ച്വാലിറ്റി (Inter textuality) ഡിസ്കോഴ്സ് (Discourse) എന്നീ ആശയങ്ങൾ സംസ്കാരപഠനത്തിൽ ചെലുത്തിയ സ്വാധീനം വിശദീകരിക്കുക.

9) സാംസ്കാരിക ഘടകങ്ങളെ മുൻനിർത്തി സാഹിത്യപഠനവും കലാനിരൂപണവും നടത്തുന്ന പദ്ധതിയാണ് സംസ്കാരപഠനം. ഉദാഹരണസഹിതം വ്യക്തമാക്കുക.

**അല്ലെങ്കിൽ**

ജനപ്രിയസംസ്കാരം (Popular Culture) എന്നാൽ എന്ത് ? വിശദീകരിക്കുക.

10) സംസ്കാര വിമർശത്തിന്റെ ധാരകളത്രയും യൂറോപ്യൻ അനുഭവങ്ങളെ മുൻനിർത്തിയാണ് രൂപപ്പെട്ടത് എന്ന അഭിപ്രായം വിമർശനദൃഷ്ട്യാ പരിശോധിക്കുക.

**അല്ലെങ്കിൽ**

സംസ്കാരം പ്രത്യയശാസ്ത്രമെന്ന നിലയിൽ പ്രവർത്തനക്ഷമമാവുന്നതിന്റെ സവിശേഷ ക്രമങ്ങളായിരുന്നു അൽത്തൂസറിന്റെ അന്വേഷണവിഷയം. വിശദീകരിക്കുക.

**(5×6=30)**

III. **ആറു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

11) സംസ്കാരപഠനമെന്ന നിലയിൽ സുനിൽ പി. ഇളയിടത്തിന്റെ 'ഓണം അർത്ഥ പരിണാമങ്ങൾ' എന്ന ലേഖനത്തെ വിലയിരുത്തുക.

**അല്ലെങ്കിൽ**

സംസ്കാരം, ദേശീയത എന്നിവയെക്കുറിച്ചുള്ള കെ. എൻ. പണിക്കരുടെ കാഴ്ചപ്പാടുകൾ വിശദീകരിക്കുക.

12) ആധുനികവും ആധുനികാനന്തരവുമായ സംസ്കാരവ്യവസ്ഥകളിൽ അധികാരത്തിന്റെ പ്രയോഗം നടപ്പാകുന്ന ഏറ്റവും പ്രധാനപ്പെട്ട മേഖലയാണ് ബഹുജന മാധ്യമങ്ങൾ. ശരിയോ ? സ്വാഭിപ്രായം സ്ഥാപിക്കുക.

**അല്ലെങ്കിൽ**

നമ്മുടെ ജനകീയ സംഗീതത്തെപ്പറ്റിയുള്ള ടി. പി. സുകുമാരന്റെ കാഴ്ചപ്പാടുകൾ ക്രോഡീകരിച്ച് അവതരിപ്പിക്കുക.

13) മലയാളത്തിലെ പ്രധാനപ്പെട്ട പ്രവാസ പഠനഗ്രന്ഥങ്ങളെ പരിചയപ്പെടുത്തി, പ്രവാസം കേരളീയസംസ്കാരത്തിൽ വരുത്തിയ മാറ്റങ്ങളെ അവ എപ്രകാരം അടയാളപ്പെടുത്തിയിരിക്കുന്നുവെന്ന് ചർച്ച ചെയ്യുക.

**അല്ലെങ്കിൽ**

'ലിംഗപദവി'യുടെ പ്രദർശനശാലയാണ് പരസ്യങ്ങൾ' എന്ന പ്രസ്താവന വിമർശനദൃഷ്ട്യാ പരിശോധിക്കുക.

**(3×10=30)**

---